**College of Engineering Munnar**
*Managed by IHRD, Government of Kerala*
P.B.No.45, County Hills, Munnar, Idukki, Kerala 685612.
Ph: +91 4865 232989, +91 4865 230606
Web: http://www.cemunnar.ac.in mail: mail@cemunnar.ac.in

CEM/ B/959/2026 23.07.2026

**ക്വട്ടേഷൻ നോട്ടീസ്**

മൂന്നാർ എഞ്ചിനീയറിംഗ് കോളേജ് കാമ്പസിൽ കാന്റീൻ നടത്തുവാൻ താൽപര്യമുള്ള, ഈ രംഗത്ത് മുൻപരിചയമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള നിശ്ചിത ഫോമുകൾ കോളേജ് ആഫീസിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്. സീലു ചെയ്ത കവറുകളിലുള്ള ക്വട്ടേഷനുകൾ **05/08/2026 ബുധനാഴ്ച 1.00 മണിക്ക്** മുൻപായി കോളേജ് പ്രിൻസിപ്പാൾ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. കവറിനു പുറത്ത് ക്വട്ടേഷൻ നമ്പർ രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 2.00 മണിക്ക് ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ക്വട്ടേഷനോടൊപ്പം **1000/-(ആയിരം രൂപ) നിരതദ്രവ്യം** കോളേജ് ഓഫീസിൽ അടയ്ക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ ഒരു കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം, കമ്മിറ്റിയുടെ ശുപാർശ കൂടി പരിഗണിച്ച് കാൻറീൻ നടത്തുന്നതിനുള്ള കരാർ ഉറപ്പിച്ചു നൽകുന്നതാണ്. കാന്റീൻ കെട്ടിടത്തിനും അതിലുള്ള ഫർണിച്ചറുകൾക്കും യാതൊരു വാടകയും കരാറുകാരിൽ നിന്ന് ഈടാക്കുന്നതല്ല. കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തിദിവസങ്ങളിലും കോളേജ് ആഫീസിൽ നിന്നും ലഭ്യമാണ്.

കോളേജ് ഓഫ് എഞ്ചിനീയറിംഗ് മൂന്നാർ കാൻറീൻ നടത്തുന്നത് /ക്വട്ടേഷൻ സംബന്ധിച്ച വ്യവസ്ഥകൾ

1. കരാറിലേർപ്പെടുന്നവർ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി **25000/-(ഇരുപത്തയ്യായിരം)** രൂപ അടയ്ക്കേണ്ടതാണ്.
2. ക്വട്ടേഷനുകൾ കോളേജിൽ നിന്നും ലഭിക്കുന്ന നിശ്ചിത ഫോമിൽ മാത്രം സമർപ്പിക്കേണ്ടതാണ്.
3. കാന്റീൻ നടത്തുന്നതിനാവശ്യമായ പാത്രങ്ങൾ, ഫർണീച്ചർ, സൗകര്യം ഗ്യാസ് കണക്ഷൻ, സ്റ്റൗവുകൾ, വൈദ്യുതി തുടങ്ങിയവ കോളേജിൽ നിന്നും നൽകുന്നതാണ്. ( ഗ്യാസ് നൽകുന്നതല്ല).
4. കാന്റീൻ കെട്ടിടത്തിനും അതിലുള്ള ഫർണിച്ചറുകൾക്കും യാതൊരു വിധത്തിലുള്ള കേടുപാടുകളോ രൂപമാറ്റങ്ങളോ വരുത്താൻ പാടുള്ളതല്ല
5. മേൽപ്പറഞ്ഞ നിബന്ധന ലംഘിച്ച് കെട്ടിടത്തിനോ ഫർണിച്ചറുകൾക്കോ കേടുപാടുകൾ സംഭവിക്കുന്ന പക്ഷം, സ്ഥാപനത്തിന് ഉണ്ടാകുന്ന നഷ്ടം കരാറുകാരന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കുന്നതാണ്.

6. കാന്റീൻ നടത്തിപ്പിനുള്ള കരാറിന്റെ കാലാവധി, കരാർ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ രണ്ട് (2) വർഷമായിരിക്കും. കരാറുകാരൻന്റെ സേവനം തൃപ്തികരമാണെന്ന് വിലയിരുത്തപ്പെടുന്ന പക്ഷം, കരാർ കാലാവധി പരമാവധി ഒരു (1) വർഷത്തേക്ക് കൂടി നീട്ടാവുന്നതാണ്
7. കാന്റീനും അതിന്റെ ആവശ്യത്തിന് ഉപയോഗിക്കുന്ന സ്ഥലങ്ങളും പരിസരവും വൃത്തിയായും ഭംഗിയായും സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസരിച്ചും സൂക്ഷിക്കുക എന്നത് കരാറുകാരന്റെ ചുമതലയായിരിയ്ക്കും.
8. സ്ഥാപനത്തിന്റെ അനുമതിയോടെ നിർദ്ദേശിച്ചിട്ടുള്ള ഭക്ഷ്യവസ്തുക്കളും മറ്റ് സാധനങ്ങളും നിശ്ചയിച്ച അളവിലും തൂക്കത്തിലും ഗുണനിലവാരത്തിലും വിതരണം ചെയ്യേണ്ടതാണ്.
9. പ്രിൻസിപ്പൽ ചുമതലപ്പെടുത്തിയിട്ടുള്ള കമ്മിറ്റിയുടെ മേൽനോട്ടത്തിലും നിരീക്ഷണത്തിലുമായിരിക്കും കാന്റീൻ പ്രവർത്തിക്കുക.
10. കമ്മിറ്റിക്ക് ഏത് സമയത്തും കാന്റീൻ പരിശോധിക്കുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.
11. ഏതെങ്കിലും പ്രശസ്ത സ്ഥാപനത്തിൽ കാന്റീൻ / കേറ്ററിംഗ് സേവനം നടത്തി പരിചയം ഉള്ളവർക്ക് മുൻഗണന.
12. കാന്റീനിൽ ലഭ്യമാക്കുന്ന ഭക്ഷ്യവസ്തുക്കളുടെയും മറ്റ് സാധനങ്ങളുടെയും വിലവിവര പട്ടിക ക്യാന്റീനുള്ളിൽ വ്യക്തമായി പ്രദർശിപ്പിക്കേണ്ടതാണ്.
13. കോട്ട്വാഷനുകളെ സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുന്നതിനുള്ള അധികാരം പ്രിൻസിപ്പലിനും അദ്ദേഹം നിയോഗിക്കുന്ന കമ്മിറ്റിക്കും ഉണ്ടായിരിക്കുന്നതാണ്.
14. കാന്റീനിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ് അതത് മാസം കരാറുകാരൻ ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ച്, അതിന്റെ രസീത് കോളേജ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
15. കരാർ ലഭിക്കുന്നയാൾ ₹200/- (ഇരുന്നൂറ് രൂപ) മൂല്യമുള്ള മുദ്രപത്രത്തിൽ, ഈ ഓഫീസിൽ നിന്ന് ലഭ്യമാക്കുന്ന നിശ്ചിത മാതൃകയിൽ കരാർ എഴുതി, കരുതൽ ധനം ഉൾപ്പെടെ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
16. കരാർ കാലാവധി നീട്ടി നൽകുന്നതിനും കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് കരാർ റദ്ദാക്കുന്നതിനും പ്രിൻസിപ്പലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
17. കാന്റീൻ നടത്തിപ്പിന് ആവശ്യമായ പഞ്ചായത്ത് ലൈസൻസ് കോൺട്രാക്ടർ സ്വന്തം ചെലവിൽ കരസ്ഥമാക്കേണ്ടതാണ്
18. കാന്റീൻ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ നിയമപരമായ വ്യവസ്ഥകളും ഉത്തരവാദിത്വങ്ങളും കോൺട്രാക്ടറിൽ നിക്ഷിപ്തമായിരിക്കും.
19. കാന്റീനിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാർക്കും സാധുവായ ഹെൽത്ത് കാർഡ്, FSSI സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

20. കാൻറീനിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം നൽകുക, പ്രോവിഡൻറ് ഫണ്ട് പോലുള്ള ആനുകൂല്യങ്ങൾ നൽകുക തുടങ്ങിയവയുടെ പൂർണ്ണ ഉത്തരവാദിത്വം കാൻറീൻ കരാറുകാരന്റേതായിരിയ്ക്കും.

21. തെരഞ്ഞെടുക്കപ്പെടുന്നവർ 2026 സെപ്റ്റംബർ 01-ആം തിയതി മുതൽ കാൻറീൻ ഏറ്റെടുത്ത് നടത്തേണ്ടതാണ്..

22. കാൻറീൻ മുഖേന ഏതൊരു സാധനം വിൽക്കുന്നതിനും കാൻറീൻ കമ്മറ്റിയുടെ അനുവാദം മുൻകൂറായി വാങ്ങേണ്ടതാണ്.

എല്ലാ ഭക്ഷണ ഇനങ്ങളും ക്യാൻറ്റീനിൽ തന്നെ പാചകം ചെയ്ത് വിതരണം ചെയ്യേണ്ടതാണ്.

- സർക്കാർ നിരോധിച്ചിട്ടുള്ള ഏതെങ്കിലും ഭക്ഷ്യവസ്തുക്കളോ ഭക്ഷണ ഇനങ്ങളോ ക്യാൻറ്റിനിൽ വിൽക്കുന്നതിനോ ഉപയോഗിക്കുന്നതിനോ അനുവാദമുണ്ടായിരിക്കുന്നതല്ല,
- മേൽപ്പറഞ്ഞ എല്ലാ ഭക്ഷണ ഇനങ്ങളും നിശ്ചയിച്ചിരിക്കുന്ന അളവ്, തൂക്കം, എണ്ണം എന്നിവ കൃത്യമായി പാലിച്ച് വിതരണം ചെയ്യേണ്ടതാണ്.
- സ്ഥാപനത്തിന്റെ മുൻകൂർ അനുമതിയില്ലാതെ ക്യാൻറ്റീൻ അടച്ചിടാൻ പാടുള്ളതല്ല.
- ക്യാൻറ്റിന്റെ പ്രവർത്തനം സംബന്ധിച്ച സ്ഥാപനത്തിന്റെ എല്ലാ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.
- പാചകത്തിനായി ഉപയോഗിച്ച ഭക്ഷ്യഎണ്ണ (Edible Oil) വീണ്ടും ഉപയോഗിക്കാൻ പാടില്ല.
- ചായ, കാപ്പി തുടങ്ങിയവ തയ്യാറാക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി മിൽമയുടെ പാൽ/ ഹൈറേൻജ് മിൽക്ക് മാത്രം ഉപയോഗിക്കേണ്ടതാണ്.

പ്രിൻസിപ്പാൾ

COLLEGE OF ENGINEERING
Managed by IHRD Govt. of Kerala
MUNNAR

# കോളേജ് ഓഫ് എഞ്ചിനീയറിംഗ് മൂന്നാർ

## കാൻറീൻ ക്വട്ടേഷൻ

കരാറുകാരൻെറ പേരും മേൽ വിലാസവും:

### ആഹാരസാധനങ്ങളുടെ വിവരണം

| നം. | ആഹാരസാധനങ്ങൾ | വില |
|---|---|---|
| 1 | ഊണ് – കുത്തരിച്ചോറ് ( ആവശ്യാനുസരണം), സാമ്പാർ / പരിപ്പ്, പുളിശ്ശേരി, രസം / മോര്, അവിയൽ, തോരൻ, അച്ചാർ, സാലഡ്, പപ്പടം, ചൂട്വെള്ളം, തൈര് | |
| 2 | ചായ ( 150 മില്ലി) | |
| 3 | കാപ്പി(150 മില്ലി) | |
| 4 | പാൽ ( 150 മില്ലി) | |
| 5 | ഹോർലിക്സ് ബൂസ്റ്റ് (150 മില്ലി) | |
| 6 | ഇഡ്ഡലി (60 ഗ്രാം) | |
| 7 | ദോശ (70 ഗ്രാം) | |
| 8 | ബ്രൂ കോഫി / നെസ്സ് കൊഫി (150 മില്ലി) | |
| 9 | അപ്പം ( 70 ഗ്രാം) | |

| | | |
|---|---|---|
| | | |
| 10 | പുട്ട് ( ഒരു കഷണം – 75 ഗ്രാം) | |
| 11 | ഇടിയപ്പം ( 70 ഗ്രാം) | |
| 12 | ചപ്പാത്തി (75 ഗ്രാം) | |
| 13 | പൊറോട്ട ( 75 ഗ്രാം) | |
| 14 | മസാല ദോശ (ദോശ– 120 ഗ്രാം, മസാല– 80 ഗ്രാം) | |
| 15 | നെയ് റോസ്റ്റ് ( 150 ഗ്രാം) | |
| 16 | പൂരി സെറ്റ് [ പൂരി – 3 ( ഓരോന്നും 25 ഗ്രാം),മസാല – 100 ഗ്രാം) | |
| 17 | പൂരി single | |
| 18 | നേന്ത്രപ്പഴം പുഴുങ്ങിയത് (150 ഗ്രാമിൽ കുറയാത്തത്) | |
| 19 | പഴം ( പാളയംകോടൻ/ഞാലിപ്പൂവൻ) ഇടത്തരം | |
| 20 | ചിക്കൻ ബിരിയാണി ( റൈസ്– 300 ഗ്രാം , ഇറച്ചി–100ഗ്രാം ) | |
| 21 | ബീഫ് ബിരിയാണി (റൈസ്– 300 ഗ്രാം , ഇറച്ചി–100ഗ്രാം ) | |
| 22 | എഗ്ഗ് ബിരിയാണി (350 ഗ്രാം) | |
| 23 | വെജിറ്റബിൾ ബിരിയാണി ( 350 ഗ്രാം) | |
| 24 | | |

| | | | |
|---|---|---|---|
| | വെജിറ്റബിൾ കറി ( 100 ഗ്രാം) | | |
| 25 | കടല / പീസ് കറി ( 100 ഗ്രാം) | | |
| 26 | മുട്ടക്കറി ( മുട്ട ഉൾപ്പെടെ 100 ഗ്രാം) | കോഴിമുട്ടക്കറി | |
| | | താറാവുമുട്ടക്കറി | |
| 27 | ബീഫ് കറി ( 150 ഗ്രാം) | | |
| 28 | ബീഫ് ഫ്രൈ ( 150 ഗ്രാം) | | |
| 29 | ചിക്കൻ കറി ( 200 ഗ്രാം) | | |
| 30 | ചിക്കൻ ഫ്രൈ ( 150 ഗ്രാം) | | |
| 31 | ഓംലെറ്റ് (1 മുട്ട)<br>ഓംലെറ്റ് (2 മുട്ട) | കോഴിമുട്ട | |
| | | താറാവുമുട്ട | |
| 32 | ബുൾസൈ ( ഒരു മുട്ട) | കോഴിമുട്ട | |
| | | താറാവുമുട്ട | |
| 33 | പുഴുങ്ങിയ മുട്ട | കോഴിമുട്ട | |
| | | താറാവുമുട്ട | |
| 34 | മീൻ കറി ( 150 ഗ്രാം) | | |
| 35 | മീൻ ഫ്രൈ ( 100 ഗ്രാം) | | |
| 36 | പരിപ്പുവട ( 50 ഗ്രാം) | | |
| 37 | ഉഴുന്നുവട ( 50 ഗ്രാം) | | |

| | | |
|---|---|---|
| 38 | ബോണ്ട( 50 ഗ്രാം) | |
| 39 | പഴം പൊരി ( 50 ഗ്രാം) | |
| 40 | പഫ്സ് (വെജിറ്റബിൾ – 50 ഗ്രാം) | |
| 41 | പഫ്സ് ( മുട്ട – 50 ഗ്രാം) | |
| 42 | പഫ്സ് (മീറ്റ് – 50 ഗ്രാം) | |
| 43 | കട്‌ലറ്റ് (വെജിറ്റബിൾ – 50 ഗ്രാം) | |
| 44 | കട്‌ലറ്റ് ( ചിക്കൻ/ബീഫ്/മട്ടൻ – 50 ഗ്രാം ) | |
| 45 | സമൂസ (50 ഗ്രാം) | |
| 46 | കേക്ക് ( ഒരു കഷണം – 30 ഗ്രാം) | |
| 47 | ബ്രെഡ് ( ഒരു കഷണം – 25 ഗ്രാം) | |
| 48 | സുഖിയൻ ( 50 ഗ്രാം) | |
| 49 | ഉള്ളിവട ( 50 ഗ്രാം) | |
| 50 | കൊഴുക്കട്ട | |
| 51 | കൊത്തുപൊറോട്ട വെജിറ്റബിൾ | |
| 52 | ഫ്രൈഡ് റൈസ് വെജിറ്റബിൾ | |
| 53 | ചിക്കൻ ഫ്രൈഡ് റൈസ് | |

| | | |
|---|---|---|
| 54 | കപ്പ ബിരിയാണി ചിക്കൻ | |
| 55 | കപ്പ ബിരിയാണി ബീഫ് | |
| 56 | നൂഡിൽസ് വെജിറ്റബിൾ | |
| 57 | നൂഡിൽസ് ചിക്കൻ | |
| 58 | ലൈം ജ്യൂസ് | |
| 59 | ഗോപി മഞ്ചൂരി | |
| 60 | ചില്ലി ചിക്കൻ | |

മുകളിൽ പറഞ്ഞിരിക്കുന്ന ആഹാരസാധനങ്ങൾ അളവിലും തൂക്കത്തിലും അതിനോട് കാണിച്ചിരിക്കുന്ന വിലയിലും നൽകുവാൻ ഞാൻ തയ്യാറാണ. അതുപോലെ ക്വട്ടേഷനിൽ നൽകിയിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി കാൻറീൻ നടത്തുവാൻ ഞാൻ ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

ഒപ്പ് :

പേര്:

വിലാസം:

സ്ഥലം :

തീയതി :